**JANMABHOOMI 10.11.2024**




സ്വദേശി സയൻസ് കോൺഗ്രസ് സമാപന യോഗത്തിൽ മുഖ്യാതിഥിയായ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യന് സിഫ്റ്റ് ഡയറക്ടർ ജോർജ് നൈനാൻ ഉപഹാരം നല്കുന്നു

# പരിസ്ഥിതി സംരക്ഷണം വരുംതലമുറയ്ക്ക് സമ്മാനം: ജോർജ് കുര്യൻ

**മട്ടാഞ്ചേരി**: പരിസ്ഥിതി സംരക്ഷണം അനിവാര്യമാണെന്നും വരും തലമുറയ്ക്കുള്ള സമ്മാനമാണിതെന്നും കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. 2030ൽ വായു മലിനീകരണം ഒഴിവാക്കാനുള്ള ശ്രമമാണ് കേന്ദ്രസർക്കാർ ലക്ഷ്യം. പഞ്ചശുദ്ധിസംസ്കാരം ലോകത്തിന് പകർന്നു നല്കിയതാണ് ഭാരതം. അദ്ദേഹം കൂട്ടിച്ചേർത്തു. തുറമുഖ നഗരിയിലെ മത്സ്യപുരി 'സിഫ്റ്റ് കേന്ദ്രത്തിൽ സ്വദേശി ശാസ്ത്ര കോൺഗ്രസ് സമാപനയോഗത്തിൽ സംസാരിക്കുകയായിരുന്നു ജോർജ് കുര്യൻ. മൂന്ന് ദിവസം നീണ്ട ശാസ്ത്ര കോൺഗ്രസിൽ 14 വിഭാഗങ്ങളിലായി 200 ഓളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഐസിഎആർ-സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ ഡോ.ത്രിപ്ത താക്കൂർ, സ്വദേശി ശാസ്ത്ര പ്രസ്ഥാനം കേരള പ്രസിഡന്റ് ഡോ. കെ.മുരളീധരൻ, വിജ്ഞാനഭാരതി സെക്രട്ടറി ജനറൽ എഞ്ചിനീയർ പി.എ വിവേകാനന്ദ പൈ, വിജ്ഞാന ഭാരതി ഓർഗനൈസിങ് സെക്രട്ടറി അബ്ഗ രവീന്ദ്രനാഥ ബാബു, സിഫ്റ്റ് എക്സ്റ്റൻഷൻ, ഇൻഫർമേഷൻ & സ്റ്റാറ്റിസ്റ്റിക്സ് മേധാവി ഡോ. നികിത ഗോപാൽ, ഫിഷ് പ്രോസസ്സിംഗ് വിഭാഗം മേധാവി ഡോ.ജെ ബിന്ദു, സിഫ്റ്റ് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ടോംസ് സി.ജോസഫ് എന്നിവർ സംസാരിച്ചു. യുവ ശാസ്ത്രജ്ഞർക്കുള്ള മികച്ച പേപ്പർ അവാർഡുകൾ 14 ശാസ്ത്രജ്ഞർക്ക് സമ്മാനിച്ചു. ഡോ. രവീന്ദ്രൻ സ്മാരക പുരസ്കാരവും സി.എ ജയപ്രകാശ് സ്മാരകപുരസ്കാരവും സമ്മാനിച്ചു.